atjedayur@gmail.com
സി.ടി ജഅ്ഫർ എടയൂർ



# അനാഥ സംരക്ഷണം; സ്വർഗത്തിലേക്കുള്ള പാഥേയം

عَنْ ابْنِ عَبَّاسٍ رَضِيَ اللَّهُ عَنْهُمَا أَنَّ النَّبِيَّ ﷺ قَالَ: مَنْ قَبَضَ يَتِيمًا مِنْ بَيْنِ الْمُسْلِمِينَ إِلَى طَعَامِهِ وَشَرَابِهِ أَدْخَلَهُ اللَّهُ الْجَنَّةَ الْبَتَّةَ، إِلَّا أَنْ يَعْمَلَ ذَنْبًا لَا يُغْفَرُ لَهُ

**ഇബ്നു അബ്ബാസ്(റ)ൽനിന്ന്: നബി (സ) പറഞ്ഞു: "ആരെങ്കിലും മുസ്‌ലിംകൾക്കിടയിൽ ഒരു അനാഥയെ തന്റെ ഭക്ഷണത്തിലേക്കും പാനീയത്തിലേക്കും ക്ഷണിച്ചാൽ, പൊറുക്കപ്പെടാത്ത ദോഷം ചെയ്തിട്ടില്ലെങ്കിൽ അല്ലാഹു അവനെ ശാശ്വതമായ സ്വർഗത്തിൽ പ്രവേശിപ്പിക്കുക തന്നെ ചെയ്യും"**

അനാഥകളെ സംരക്ഷിക്കുന്നതും സഹായിക്കുന്നതും സൽക്കരിക്കുന്നതും ശ്രേഷ്ഠകരവും സ്വർഗപ്രവേശനത്തിന് ഹേതുവുമാകുന്നു. അനാഥരുടെ അവകാശങ്ങൾ ഹനിക്കുന്നവർ പാപികളാണെന്ന് പ്രവാചകൻ ഉണർത്തിയിട്ടുണ്ട്. പ്രവാചകൻ (സ) അരുളി: "അല്ലാഹുവേ! അനാഥർ, സ്ത്രീകൾ എന്നീ അബലരുടെ അവകാശം അവഗണിക്കുന്നവരെ ഞാൻ പാപികളായി കാണുന്നു" (നസാഇ). ഒരു മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളാണ് ഭക്ഷണവും പാർപ്പിടവും വസ്ത്രവും നല്ല വിദ്യാഭ്യാസവും. ഈ അടിസ്ഥാന ആവശ്യങ്ങൾ അനാഥരുടെയും അവകാശങ്ങളാണ്. അതുകൊണ്ട് ഇതിലേതെങ്കിലും അവകാശത്തെ ധ്വംസിക്കുന്നതും അതിന് തടസ്സം നിൽക്കുന്നതും-അത് വ്യക്തികളോ സമൂഹമോ ഭരണകൂടമോ ആരുമാകട്ടെ-വലിയ പാപവും ദ്രോഹവുമാണെന്നാണ് ഉപര്യുക്ത ഹദീസ് പഠിപ്പിക്കുന്നത്. ഒരു കാരക്കച്ചീള് നൽകിയിട്ടാണെങ്കിലും അനാഥരുടെ വിശപ്പകറ്റാൻ ശ്രമിക്കുന്നത് സ്വർഗപ്രവേശം സാധ്യമാക്കുന്ന ശ്രേഷ്ഠ സൽക്കർമമാണ്. ഒരിക്കൽ ആഇശ(റ)യുടെ അടുക്കൽ രണ്ട് പെൺകുട്ടികളെയും ചുമന്ന് ഒരു ദരിദ്ര സ്ത്രീ വന്നു. അവരുടെ വിശപ്പടക്കാൻ ആഇശ(റ) തന്റെ കൈവശമുണ്ടായിരുന്ന മൂന്ന് കാരക്കയെടുത്ത് അവർക്ക് നൽകി. ആ വാത്സല്യനിധിയായ മാതാവ് തന്റെ രണ്ട് മക്കൾക്കും ഓരോ കാരക്ക വീതം നൽകുകയും ശേഷിച്ച ഒന്ന് വായിലേക്കുയർത്തുകയും ചെയ്തു. അപ്പോഴേക്കും ആ കുട്ടികൾ വീണ്ടും ഭക്ഷണം ആവശ്യപ്പെട്ടു. ഭക്ഷിക്കാൻ ഉദ്ദേശിച്ചിരുന്ന കാരക്ക ആ മാതാവ് രണ്ടായി ചീന്തി അവർക്ക് രണ്ടുപേർക്കും വീതിച്ചുകൊടുത്തു. ഈ സംഭവം പ്രവാചകനുമായി പ്രിയതമ ആഇശ(റ) പങ്കുവെച്ചപ്പോൾ "ആ കുട്ടികൾ വഴി അല്ലാഹു അവർക്ക് സ്വർഗം അനിവാര്യമാക്കുമെന്ന് നബി(സ) തറപ്പിച്ചു പറഞ്ഞു" (മുസ്‌ലിം).

അനാഥ സംരക്ഷണം സ്വർഗപൂങ്കാവനത്തിലേക്കുള്ള പാഥേയവും അവരോട് കാട്ടുന്ന അവഗണനയും അവകാശ ധ്വംസനവും നരകത്തിലേക്കുള്ള ചവിട്ടുപടിയുമാണ്. മാത്രവുമല്ല അനാഥരെ സംരക്ഷിക്കുകയും അവർക്കാവശ്യമായ ഭക്ഷണവും സാമ്പത്തിക സഹായങ്ങളും നൽകുകയും ചെയ്യുന്നവർ സ്വർഗത്തിൽ പ്രവാചകന്റെ അടുത്ത കൂട്ടുകാരും സഹവാസികളുമായിരിക്കും. പ്രവാചകൻ (സ) ഉണർത്തി: ''ഞാനും, ബന്ധുവോ അന്യനോ ആയ ഒരനാഥയെ പോറ്റുന്നവനും സ്വർഗത്തിൽ ഇങ്ങനെയായിരിക്കും." തുടർന്ന് അവിടുന്ന് തന്റെ ചൂണ്ടുവിരലും നടുവിരലും ഉയർത്തിക്കാണിച്ചു-രണ്ടു വിരലിനുമിടക്ക് ചെറിയൊരു വിടവേ ഉണ്ടായിരുന്നുള്ളൂ (ബുഖാരി).

മറ്റൊരു സന്ദർഭത്തിൽ പ്രവാചകൻ അരുളി: "ഒരു അനാഥയോട് നന്നായി വർത്തിക്കുന്ന ഗൃഹമാകുന്നു മുസ്‌ലിം ഗൃഹങ്ങളിൽ ഏറ്റവും വിശിഷ്ടമായത്. അനാഥനോട് ദുഷ്ടത കാട്ടുന്ന ഗൃഹമത്രേ ഗൃഹങ്ങളിൽ വെച്ച് ഏറ്റവും നികൃഷ്ടമായത്" (ബുഖാരി,ഇബ്നു മാജ).

ഒരാൾ അല്ലാഹുവിന്റെ പ്രീതിയും ഇഷ്ടവും കാംക്ഷിച്ചുകൊണ്ട് ഒരു അനാഥയെ തലോടിയാൽ, അയാളുടെ കരം സ്പർശിച്ച ഓരോ രോമത്തിനു പകരവും അയാളുടെ പേരിൽ നന്മ എഴുതപ്പെടുമെന്ന് തിർമിദിയും അഹ്മദും ഉദ്ധരിച്ച ഹദീസിൽ കാണാം.

അതിനാൽ അനാഥകളോട് അന്യായമായി പെരുമാറുന്നവർ ഓർക്കുക, നിങ്ങൾ എത്ര ഗുരുതരമായ തെറ്റാണ് അവരോട് ചെയ്യുന്നതെന്ന്. അനാഥകളുടെ സ്വത്തിനോട് അടുക്കരുതെന്നും, അവരുടെ അവകാശത്തിൽനിന്ന് യാതൊന്നും അപഹരിക്കരുതെന്നും അപ്രകാരം ചെയ്യുന്നവർ തങ്ങളുടെ ഉദരങ്ങളിൽ തീയാണ് നിറക്കുന്നതെന്നും ഖുർആൻ താക്കീത് നൽകുന്നുണ്ട്. അനാഥകളോട് അനാദരവ് കാണിക്കുകയും അവരെ ആട്ടിയകറ്റുകയും നിന്ദിക്കുകയും ചെയ്യുന്നവർ മതനിഷേധികളാണെന്നും ഖുർആൻ ശക്തിയായി താക്കീത് ചെയ്യുന്നു(107:1-2). ഇത്തരക്കാരെ കാത്തിരിക്കുന്നത് ദൈവകോപവും കഠിന ശിക്ഷയുമാണ്. ■